**കേരള പൊലീസ് വക– 13.300 കിലോ**

ഒറ്റപ്പാലം● തമിഴ്നാട്ടിൽ നിന്നു കേരളത്തിലേക്കു വിൽപനയ്ക്കു കടത്തിയ 13.300 കിലോയിലേറെ കഞ്ചാവ് പൊലീസ് പിടികൂടി. തമിഴ്നാട് സ്വദേശി ഉൾപ്പെടെ മൂന്നു പേർ അറസ്റ്റിലായിട്ടുണ്ട്. പന്ത്രണ്ടര കിലോ കഞ്ചാവുമായി തേനി ശിങ്കരാജപുരം കിഴക്കുതെരുവിലെ സുരേഷ്കുമാറി(38)നെ ഒറ്റപ്പാലം ബസ് സ്റ്റാൻഡിൽ നിന്നാണു സിഐ പി. അബ്ദുൽ മുനീർ അറസ്റ്റു ചെയ്തത്. പ്ലാസ്റ്റിക് ചാക്കിലാക്കി തേനിയിൽ നിന്നു ട്രെയിൻ മാർഗമെത്തിച്ച കഞ്ചാവ് പെരിന്തൽമണ്ണയിലേക്കു കൊണ്ടുപോകാൻ ഒരുങ്ങുന്നതിനിടെയാണു സുരേഷ്കുമാർ പിടിയിലായത്. കൊല്ലം കൊട്ടിയം കണ്ണനെല്ലൂർ സ്വദേശികളായ എജെ ഹൗസിൽ അഭിൻ (22), വടക്കേമുക്ക് ദാറുസലാമിൽ അബ്ദുല്ല (23) എന്നിവരും പൊലീസിന്റെ പട്രോളിങ്ങിനിടെ 800 ഗ്രാം കഞ്ചാവുമായി മായന്നൂർ പാലം പരിസരത്തു നിന്ന് അറസ്റ്റിലായി. ഒറ്റപ്പാലം എസ്ഐ കെ.വി. സുധീഷ് കുമാർ, സീനിയർ സിവിൽ പൊലീസ് ഓഫിസർ അനിൽകുമാർ, സിപിഒ ദീപു ഉണ്ണിത്താൻ എന്നിവരും സിഐയ്ക്കൊപ്പം ഉണ്ടായിരുന്നു.